**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – വികേന്ദ്രീകൃതാസൂത്രണം – 2009–10 വാർഷികപദ്ധതി രേഖയും പ്രോജക്ടുകളും കമ്പ്യൂട്ടർ ഡേറ്റാ എൻട്രി നടത്തൽ – ഡേറ്റാഎൻട്രി ഓപ്പറേറ്ററെ താത്ക്കാലികമായി നിയമിക്കുന്നതിന് എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

സ.ഉ.(സാധാ.)നമ്പർ.1775/2009/തസ്വഭവ. തിരുവനന്തപുരം, തീയതി:16.07.2009

പരാമർശം: 18.06.2009–ലെ സ.ഉ.(സാധാ.) നം.1469/2009/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

2009–10–ലെ പൂർണ്ണ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തേണ്ട കമ്പ്യൂട്ടർ ഡേറ്റാ എൻട്രി ജോലികൾ നിറവേറ്റുന്നതിന് ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെ പരമാവധി രണ്ട് മാസത്തേക്ക്, ചില നിബന്ധനകൾക്ക് വിധേയമായി, താല്ക്കാലികമായി നിയമിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം പരാമർശത്തിലെ ഉത്തരവുപ്രകാരം അനുമതി നൽകിയിരുന്നു. വാർഷികപദ്ധതിയും പ്രോജക്ടുകളും ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുന്നതിന് വിദഗ്ദ്ധ പരിശീലനം ലഭിച്ചിട്ടുള്ള ഒരു കമ്പ്യൂട്ടർ ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം അനിവാര്യമാണെന്നതിനാൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ താല്ക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് മറ്റ് തലങ്ങളിലെയും നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 2009–10 വാർഷിക പദ്ധതിയും പ്രോജക്ടുകളും ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ഡേറ്റാഎൻട്രി ജോലികൾ നടത്തുന്നതിന് ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെ വീതം പരമാവധി രണ്ട് മാസത്തേക്ക് താല്ക്കാലികമായി നിയമിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ക്കൊണ്ടുള്ള പരാമർശത്തിലെ ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി ഉത്തരവാകുന്നു. ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളും നഗരസഭകളും പരാമർശത്തിലെ ഉത്തരവുപ്രകാരം നിശ്ചയി ച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രമെ ഡേറ്റാഎൻട്രി ഓപ്പറേറ്റർമാരെ നിയമിക്കാൻ പാടുള്ളൂ.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
6 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
7 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

8 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
9 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാകളക്ടർമാർ) മാർക്കും
16 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
17 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
20 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
21 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
22 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
23 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
24 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
25 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
26 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
27 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
28 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
29 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**